**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5417** **12-08-2021 - ൽ മറുപടിയ്ക്ക്**

**യുവ സഹകരണ സംഘം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. V. N. Vasavan** (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | യുവ സഹകരണ സംഘം എന്ന പദ്ധതി നടപ്പാക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും രൂപീകരണ മാനദണ്ഡങ്ങളെ കുറിച്ചും വിശദമാക്കാമോ; | (ബി) | 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവ ജനങ്ങൾക്ക് സാമൂഹ്യ സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നുള്ളതാണ് യുവ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയായിട്ടാണ് ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകുന്നത്. യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കും. |
| (സി) | ഏതെങ്കിലും സഹകരണ സംഘങ്ങൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (സി) | വിവിധ ജില്ലകളിലായി 07-08-2021 വരെ 11 സഹകരണ സംഘങ്ങൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ? | (ഡി) | 07-08-2021 വരെ രജിസ്റ്റർ ചെയ്ത യുവ സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം-2, കൊല്ലം -4, പത്തനംതിട്ട -1, കോട്ടയം -2, പാലക്കാട് -1, കാസറഗോഡ് -1, ആകെ -11 |

സെക്ഷൻ ഓഫീസർ